# റദ്ദായി പോവുകയല്ല, പാഠങ്ങൾ പകർന്നു തന്ന കാലം

ബെന്യാമിൻ

മനോഹരമായ ഈ ഭൂമി കണ്ടാസ്വദിക്കാൻ അനുവദിച്ചു കിട്ടിയ ഇത്തിരിയോളമുള്ള ആയുസിൽ നിന്ന് റദ്ദായിപ്പോയ സമയം എന്നാണ് കഴിഞ്ഞ ഒന്നര വർഷത്തിനെ നമ്മിൽ ഭൂരിപക്ഷവും കണക്കാക്കുന്നത്. ഈ വീട്ടിലിരുപ്പ് അത്രമേൽ നമ്മ നിരാശാഭരിതരാക്കുകയും വിരസതയിലേക്ക് തള്ളിയിടുകയും ചെയ്തിട്ടുണ്ട്. വിർച്വലി കാണാനും സംസാരിക്കാനും സംവദിക്കാനും മീറ്റിംഗുകൾ നടത്തുവാനും പുസ്തകപ്രകാശനങ്ങൾ സംഘടിപ്പിക്കുവാനും പുസ്തകാവലോകനങ്ങൾ നടത്തുവാനും ഒ ടി ടി പ്ലാറ്റ് ഫോമുകളിലൂടെ പുത്തൻ സിനിമ കാണുവാനും ഇ ബുക്കുകൾ വായിക്കുവാനും അവസരമുള്ള ഈ കാലത്തിൽ ആയിട്ടു പോലും നിരാശ നമ്മെ വിഴുങ്ങിയിട്ടുണ്ടെങ്കിൽ, ഒരു കാൽ നൂറ്റാണ്ട് മുൻപ് ഇന്റർനെറ്റ് സൗകര്യങ്ങളും സോഷ്യൽ മീഡിയകളും നമുക്ക് അന്യമായിരുന്ന ഒരു കാലത്ത്, കത്തുകളിലൂടെയും ട്രങ്ക് കോൾ ബുക്ക് ചെയ്ത് കാത്തിരുന്ന് കിട്ടുന്ന വിളികളിലൂടെയും പരസ്പരം ആശയങ്ങളും വിവരങ്ങളും കൈമാറിയിരുന്ന കാലത്ത് ആയിരുന്നു ഈ മഹാമാരി നമ്മെ തേടി വന്നിരുന്നതെങ്കിൽ എത്രയധികം ഒറ്റപ്പെട്ടതായിപ്പോകുമായിരുന്നു നമ്മുടെ ഓരോരുത്തരുടെയും ജീവിതം എന്ന് ആലോചിക്കേണ്ടതുണ്ട്. ഇത്തരം ചില ആധുനിക സൗകര്യങ്ങൾ ഒക്കെ ഒരുക്കപ്പെട്ടതിനു ശേഷം മാത്രം നമ്മെ ആക്രമിക്കാൻ കാത്തിരുന്നതിനു നാം കൊറോണയോട് പ്രകൃതിയോട് പ്രപഞ്ചത്തോട് നന്ദിയുള്ളവർ ആയിരിക്കേണ്ടതുണ്ട്.

ഇന്ത്യയിലെ ആദ്യത്തെ കൊറോണ വൈറസ് റിപ്പോർട്ട് ചെയ്തത് ഞാൻ ജീവിക്കുന്ന സംസ്ഥാനമായ കേരളത്തിലാണ്. കൊറോണയുടെ പ്രഭവകേന്ദ്രം എന്ന് ഊഹിക്കുന്ന വുഹാനിൽ നിന്നും മടങ്ങിയെത്തിയ മൂന്ന് മെഡിക്കൽ വിദ്യാർത്ഥികളിൽ ആണ് രോഗലക്ഷണം കാണുന്നതും പിന്നെ രോഗം സ്ഥിരീകരിക്കുന്നതും. 2020 ജനുവരി മുപ്പതിനായിരുന്നു അത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രോഗം റിപ്പോർട്ട് ചെയ്ത തുടങ്ങിയിട്ടെ ഉണ്ടായിരുന്നുള്ളു അപ്പോൾ. ഇന്ത്യൻ

ഉപഭൂഖണ്ഡത്തിലേക്ക് എന്തും ഏതും ആദ്യം വന്നെത്തുന്ന കവാടമാണ് കേരളം എന്ന് ഞങ്ങൾ തമാശ പറയാറുണ്ട്. ജൂതന്മാർ വന്നത്, യവനന്മാർ വന്നത്. ചീനന്മാർ വന്നത്. അറബികൾ വന്നത്, ക്രിസ്ത്യാനിറ്റി വന്നത്, ഇസ്ലാം വന്നത്, യൂറോപ്യന്മാർ വന്നത്, കമ്യൂണിസം വന്നത്, എന്നിങ്ങനെ ആദ്യം കൊറോണ് വന്നതും കേരളത്തിൽ തന്നെ.

വൈറസിന്റെ സ്വഭാവത്തെക്കുറിച്ചോ തീവ്രതയെക്കുറിച്ചോ ആർക്കും അത്രയൊന്നും പിടിയില്ലാതിരുന്ന സമയമായിരുന്നു അത്. വളരെ അപകടം പിടിച്ച ഒരു വൈറസ് കൂടി നമ്മ ആക്രമിക്കാൻ എത്തിയിരിക്കുന്നു എന്ന് മാത്രമേ അപ്പോൾ അറിയു. പരിഭ്രാന്തി നിറഞ്ഞ ഒരു അന്തരീക്ഷമാണ് അത് ഇവിടെ സൃഷ്ടിച്ചത്. അതിനും ഒന്നര വർഷം മുൻപാണ് ഞങ്ങൾ നിപ്പ് വൈറസിന്റെ ആക്രമണത്തെ നേരിടുന്നതും വളരെ ഭീതിജനകമായ ഒരു അന്തരീക്ഷത്തിലൂടെ കടന്നു പോകുന്നതും. വളരെ ജാഗ്രതയും കാര്യക്ഷമതയുമുള്ള ഒരു ആരോഗ്യസംവിധാനം നിലനിലക്കുന്ന സംസ്ഥാനം ആയതുകൊണ്ട് മാത്രമാണ് അധികം കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിനു മുൻപ് അന്നതിനെ പിടിച്ചു കെട്ടാൻ കഴിഞ്ഞത്. എന്നിട്ടും ചെറിയ കാലയളവിനുള്ളിൽ പതിനേഴ് ജീവനുകളെ അത് കവർന്നുകൊണ്ടു പോയി. അന്നുണ്ടായ ഭീതിയുടെ അലയൊലികൾ മായുന്നതിനു മുൻപേ ഉണ്ടായ ഈ കടന്നാക്രമണം ആളുകളെ ജാഗ്രത പാലിക്കുന്നതിൽ ശ്രദ്ധാലുക്കളാക്കാൻ സഹായിച്ചു. ഇന്ത്യയിൽ തന്നെ ലോക്ഡൗൺ നിബന്ധനകൾ, പോലീസ് ബലപ്രയോഗം ഇല്ലാതെ ജനങ്ങൾ തന്നെ സ്വയം പാലിച്ച സംസ്ഥാനങ്ങളിൽ ഒന്നാണ് ഞങ്ങളുടേത്. ഉയർന്ന വിദ്യാഭ്യാസ നിലവാരവും സാമൂഹിക ബോധവും ആരോഗ്യസംവിധാനങ്ങളും ഒക്കെ അതിനെ സഹായിച്ചിരുന്നിരിക്കാം. എന്ന് മാത്രമല്ല കേരളത്തിൽ നിന്നുള്ള വലിയൊരു വിഭാഗം നേഴ്സ്മാർ ലോകത്തെമ്പാടുമുള്ള പ്രധാനപ്പെട്ട ആശുപത്രികളിൽ ജോലി ചെയ്യുന്നുണ്ട്. ഇക്കാലത്ത് അവരെല്ലാം കോവിഡ് ഡ്യൂട്ടിയ്ക്കാണ് നിയോഗിക്കപ്പെട്ടത്. അങ്ങനെ ആ രാജ്യങ്ങളിൽ നിന്നുള്ള, പ്രത്യേകിച്ച് കോവിഡ് ആദ്യമായി രൂക്ഷമായി ബാധിച്ച അമേരിക്ക, ഇറ്റലി എന്നിവയിടങ്ങളിലെ നേഴ്സ്മാർ അവരുടെ നേരനുഭവങ്ങൾ, രോഗികൾ കൂട്ടത്തോടെ ആശുപത്രികളിലേക്ക് എത്തുന്നത്, വെറ്റിലേറ്റർ സൗകര്യമില്ലാതെ

പലരുടെയും ജീവൻ രക്ഷിക്കാൻ കഴിയാതെ പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വരുന്നത്, ഓക്സിജനു വേണ്ടി രോഗികൾ പിടയുന്നത്, ഉറ്റവരുടെയും ഉടയവരുടെയും സാമീപ്യം അനുഭവിക്കാനാവാതെ പലരും മരണത്തിലേക്ക് നീങ്ങുന്നത്, അനാഥശവങ്ങളെപ്പോലെ അവരെ കൂട്ടക്കുഴിയിലേക്ക് എറിയപ്പെടുന്നത് ഒക്കെ ചെറു വീഡിയോകളായും കരച്ചിലിന്റെ വക്കോളമെത്തുന്ന സന്ദേശങ്ങളായും മുന്നറിയിപ്പുകളായും സോഷ്യൽ മീഡിയ വഴി പ്രചരിപ്പിച്ചതു വഴി ഭയം നിറഞ്ഞതെങ്കിലും ഒരു ജാഗ്രത വളർത്തുന്നതിന് സഹായിക്കുകയും ചെയ്തു.

സർവ്വ ജനങ്ങൾക്കും സൗജന്യമായി ആഹാരം എത്തിക്കുന്നതിൽ, രോഗബാധിതരുടെ റൂട്ട് മാപ്പ് തയ്യാറാക്കി കോൺടാകിൽ വന്നവരെ ക്വാറന്റൻ ചെയ്യുന്നതിൽ, ഇതര സംസ്ഥാനത്ത് കുടുങ്ങിപ്പോയവരെ തിരിച്ചെത്തിക്കുന്നതിൽ, ഇവിടെയുള്ള ഇതരസംസ്ഥാന തൊഴിലാളികളെ സ്വന്തം ദേശത്ത് എത്തിക്കുന്നതിൽ, ഇനിയും മടങ്ങാതെ നിൽക്കുന്നവർക്ക് വേണ്ടി കമ്യൂണിറ്റി കിച്ചൻ ഒരുക്കുന്നതിൽ ഒക്കെ സർക്കാർ സംവിധാനം ജാഗ്രത പാലിക്കുകയും ദേശീയ അന്തർദേശീയ മാധ്യമങ്ങളുടെയും സ്ഥാപനങ്ങളുടെയും പ്രശംസ പിടിച്ചു പറ്റുകയും ചെയ്തു. അന്ന് ദിനംപ്രതിയുള്ള കോവിഡ് കേസുകൾ എട്ടിലും പത്തിലും ഒതുക്കി നിറുത്തുവാനും മരണങ്ങൾ ഉണ്ടാവുന്നില്ലെന്ന് ഉറപ്പാക്കുവാനും ഞങ്ങൾക്ക് കഴിഞ്ഞിരുന്നു.

അതേസമയം ഇന്ത്യയുടെ ഇതരഭാഗങ്ങളിലെ തൊഴിലാളികൾ ആഹാരവും വെള്ളവും കിട്ടാതെ വാഹന സൗകര്യമില്ലാതെ അഞ്ഞൂറും എണ്ണൂറും കിലോമീറ്ററുകൾ നടന്ന് സ്വന്തം ഗ്രാമം പിടിക്കാൻ നെട്ടോട്ടമോടുന്ന കാഴ്ചയാണ് ലോകം കണ്ടത്. സ്വാതന്ത്ര്യാനന്തര ഇന്ത്യ കണ്ട ഏറ്റവും വലിയ കൂട്ടപ്പലായനത്തിനു ആ കാലം സാക്ഷ്യം വഹിക്കുകയായിരുന്നു. അവർക്കിടയിൽ കോവിഡ് അതിന്റെ രൂക്ഷതയോടെ കടന്നു ചെന്നു. അനേകായിരങ്ങൾ ഈയാംപാറ്റകളെപ്പോലെ മരിച്ചു വീഴുന്നത് ഞങ്ങൾക്ക് വീട്ടിലിരുന്ന് കാണേണ്ടി വന്നു. ഇതരരാജ്യങ്ങളിൽ നിന്നുള്ള വിമാനസർവ്വീസ് പുനരാരംഭിച്ച ശേഷമാണ് കേരളത്തിലെ കോവിഡ് കേസുകൾ ക്രമാതീതമായി വർദ്ധിക്കുന്നത്.

അതുകൊണ്ട് തന്നെ ഇതരസംസ്ഥാനങ്ങൾ പലതും കൊറോണയിൽ മുങ്ങി കുളിച്ച് കയറിക്കഴിഞ്ഞപ്പോഴും ഞങ്ങളിലേക്ക് അത് പതിയെപ്പതിയെ അരിച്ചിറങ്ങി വന്നുകൊണ്ടേയിരിക്കുന്നതേയുള്ളൂ. രാജ്യത്തെ തന്നെ ഏറ്റവും ദീർഘമായ ലോക്ഡൗൺ ദിവസങ്ങളെയാണ് ഞങ്ങൾക്ക് നേരിടേണ്ടി വന്നത്. അത് ഓരോരുത്തരെയും പ്രത്യക്ഷമായും പരോക്ഷമായും ഏതൊക്കെ തരത്തിലാണ് ബാധിച്ചത് എന്ന് ഇനിയും ആഴത്തിൽ പഠിക്കേണ്ടിയിരിക്കുന്നു. ഓരോ കുടുംബങ്ങളിലും പെട്ടെന്നുണ്ടായ മരണങ്ങൾ, തൊഴിൽ നഷ്ടങ്ങൾ, സാമ്പത്തിക പ്രതിസന്ധി, ഏകാന്തതയും ഒറ്റപ്പെടലും മൂലമുണ്ടാകുന്ന വിഷാദരോഗങ്ങൾ, മുഷിവ്, മദ്യപാനാസക്തി, ലഹരി ഉപയോഗം, സോഷ്യൽ മീഡിയയുടെ അമിതമായ ഉപയോഗം, അതിലൂടെ സൃഷ്ടിക്കുന്ന അപരിചിത ബന്ധങ്ങൾ, അതുണ്ടാക്കുന്ന മാനസിക സംഘർഷങ്ങൾ, കുടുംബ കലഹങ്ങൾ, വിവാഹമോചനങ്ങൾ, കുട്ടികളിൽ ഉണ്ടാക്കുന്ന മാനസിക പിരിമുറുക്കം. അങ്ങനെ എന്തെല്ലാം എന്തെല്ലാം. ജനസംഖ്യയുടെ മൂന്നിലൊന്ന് വിദേശങ്ങളിൽ തൊഴിൽ തേടിപ്പോയിട്ടുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. അതിൽ ബഹുഭൂരിപക്ഷവും ഗൾഫ് രാജ്യങ്ങളിലേക്കാണ് ചേക്കേറിയിരുന്നത്. ആ രാജ്യങ്ങളിൽ ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയും തൊഴിൽ നഷ്ടവും വലിയ തോതിലുള്ള മടങ്ങി വരവിന് കാരണമായിട്ടുണ്ട്. അതുണ്ടാക്കുന്ന സാമൂഹികാഘാതം ഭാവിയിൽ ആവും പ്രതിഫലിക്കുക. സർവ്വതും റദ്ദായി പോകുന്ന വാർത്തകൾ ആയിരുന്നു ഈ ദിവസങ്ങളിൽ അത്രയും നാം കേട്ടത്. വിമാനങ്ങൾ റദ്ദാവുന്നു, തീവണ്ടികൾ റദ്ദാവുന്നു, ബസ് സർവ്വീസ് റദ്ദാവുന്നു, സിനിമ ഷോകൾ റദ്ദാവുന്നു, പരിപാടികൾ റദ്ദാവുന്നു, ഉത്സവങ്ങൾ റദ്ദാവുന്നു. യാത്രകൾ റദ്ദാവുന്നു. ആഘോഷങ്ങൾ റദ്ദാവുന്നു. വിവാഹങ്ങൾ റദ്ദാവുന്നു. പരീക്ഷകൾ റദ്ദാവുന്നു. തിരഞ്ഞെടുപ്പ് റദ്ദാവുന്നു. അങ്ങനെ ഒക്കെയാണെങ്കിലും ഈ റദ്ദാവൽ കാലം നമ്മുടെ ജീവിതത്ത, സമൂഹത്തെ, സാമൂഹിക ക്രമങ്ങളെ ഒക്കെ ഒന്ന് വിശകലനം ചെയ്യാനും പുനർവിന്യസിക്കാനും കിട്ടിയ ഒരു അവസരം കൂടിയാണിത്. ഭൂമിയെയും അതിലെ സർവ്വ ജീവജാലങ്ങളെയും അടക്കി ഭരിക്കുന്നു എന്ന് അഹങ്കരിക്കുമ്പോഴും ഒരു കുഞ്ഞു വൈറസിനെ നേരിടാൻ പോലും കെല്പില്ലാത്ത ഒരു ചെറു ജീവി മാത്രമാണ് നാം ഈ കാലം നമ്മെ പഠിപ്പിച്ചു തന്നു. ഭൂമിയുടെ മേൽ

നാം ഇന്നോളം നേടിയ അധീശത്വവും മേൽക്കെയും നേടിയത് മനുഷ്യനു മാത്രം സഹജമായ ഭാവനാശക്തികൊണ്ടും കൂട്ടായ്മകൊണ്ടും ആണെന്നും സ്വാർത്ഥത കൈവെടിഞ്ഞ് സാമൂഹിക പരമായ ഉത്തരവാദിത്വത്തോടെ നാം അതിനെ കൈകാര്യം ചെയ്തില്ല എങ്കിൽ മനുഷ്യവംശത്തിന്റെ സർവ്വനാശത്തിലാണ് അത് ചെന്ന് കലാശിക്കുക എന്ന് ഈ കാലം നമ്മെ പഠിപ്പിച്ചു. മനുഷ്യനു വേണ്ടി, അവന് കണ്ടാസ്വദിക്കുന്നതിനുവേണ്ടി, അവനു വേണ്ടത്ര ഉപഭോഗം ചെയ്യുന്നതിനു വേണ്ടി, അവന്റെ സ്വാർത്ഥതകളെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണ് ഈ ഭൂമി എന്നൊരു ബാലിശമായ വിചാരം നമ്മിൽ ചിലർക്കെങ്കിലും ഉണ്ടായിരുന്നു. അത്രമേൽ ക്രൂരമായും നന്ദിരഹിതമായുമാണ് നാം ഇക്കാലമത്രയും ഈ ഭൂമിയുടെ മേൽ പെരുമാറിക്കൊണ്ടിരുന്നത്. കുന്നുകൾ ഇടിച്ചു നിരത്തിയും വനങ്ങൾ വെട്ടി നശിപ്പിച്ചും പുഴകളെ മലിനമാക്കിയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ നിർദ്ദാക്ഷണ്യം വലിച്ചെറിഞ്ഞും കടലിൽ വിഷം കലർത്തിയും കഴിഞ്ഞ ഒരു നൂറ്റാണ്ടുകൊണ്ട് നാം ഈ ഭൂമിയുടെ സ്വഭാവികതയെ കളങ്കപ്പെടുത്തിക്കൊണ്ടേ ഇരിക്കുക ആയിരുന്നു. ഈ ഭൂമിയുടെ അവകാശികൾ മനുഷ്യൻ മാത്രമാണ് എന്ന ദുർബല വിചാരത്തിൽ നിന്നാണ് ആ പ്രവർത്തികൾ അത്രയും ഉണ്ടായിവന്നത്. എന്നാൽ പ്രകൃതിയുടെ നിയമങ്ങൾ അനുസരിച്ച് ജീവിച്ചാൽ മനുഷ്യനു വേണമെങ്കിൽ ഇനിയും ഇവിടെ തുടരാം, മനുഷ്യൻ ഇവിടെ ഒരു അനിവാര്യതയേയല്ല, മനുഷ്യൻ ഇല്ലെങ്കിലും ഭൂമിക്ക് തന്റെ ജീവിതം തുടരാനാവും, പ്രകൃതിയ്ക്ക് മനുഷ്യനെക്കൊണ്ടല്ല മനുഷ്യന് പ്രകൃതിയെക്കൊണ്ടാണ് ആവശ്യം, ഇതിനേക്കാൾ കരുത്തന്മാരായ അനേകം ജീവി വർഗ്ഗങ്ങളുടെ സർവ്വനാശത്തിനു സാക്ഷ്യം വഹിച്ച ചരിത്രം ഭൂമിക്കുണ്ട്, മനുഷ്യനു മാത്രമല്ല പുഴുവിനും പൂമ്പാറ്റയ്ക്കും പാമ്പിനും പല്ലിക്കും ആനയ്ക്കും അണ്ണാനും കൂടി അവകാശപ്പെട്ടതാണ് ഈ ഭൂമി എന്നെല്ലാം ഈ കാലം ഒരിക്കൽ കൂടി പ്രകൃതി നമ്മേ ആഴത്തിൽ ഓർപ്പിക്കുന്നു.

നമ്മുടെ ജീവിതത്തിനു ഇത്ര ധൃതി ആവിശ്യമില്ലായിരുന്നു എന്ന്, ഇത്രയും ആർഭാടങ്ങളും അലങ്കാരങ്ങളും ഇല്ലാതെയും ജീവിക്കാൻ ആവുമെന്ന്, വിവാഹങ്ങൾക്ക് ഇത്രയും ആർഭാടവും ആൾക്കൂട്ടവും

ആവശ്യമില്ലെന്ന്, മരണത്തിൽ പ്രിയപ്പെട്ടവരുടെ മാത്രം സാന്നിദ്ധ്യം മതിയെന്ന്, വീട്ടിലിരുന്നും സമരങ്ങൾ സംഘടിപ്പിക്കാം എന്ന്, ആരാധനാലയങ്ങളിൽ പോകാതെയും പ്രാർത്ഥിക്കാമെന്ന്, മുഖാമുഖം കാണാതെയും തീരുമാനങ്ങൾ എടുക്കാമെന്ന്, വീട്ടിലിരുന്നും പഠിക്കാമെന്ന് പരീക്ഷ എഴുതാമെന്ന്, ഒക്കെകൂടി പഠിപ്പിച്ച ദിവസങ്ങളിലൂടെയാണ് നാം ഇപ്പോൾ കടന്നു പോകുന്നത്. അങ്ങനെ നോക്കുമ്പോൾ നമുക്ക് നഷ്ടമായിപ്പോയ ദിവസങ്ങളല്ല കടന്നു പോയത് നമുക്ക് പുതിയ പാഠങ്ങൾ പഠിപ്പിച്ചു തന്ന നല്ല ദിവസങ്ങളായിരുന്നു ഇതെന്ന് നാം കണക്കാക്കേണ്ടി വരും.

പണം കൊടുത്ത് നേടാവുന്ന ജീവിത സുരക്ഷ, ആരോഗ്യം എന്നീ ആശയങ്ങളെ അപ്പാടെ കടപുഴക്കിക്കളഞ്ഞു ഈ മഹാമാരിക്കാലം. അങ്ങനെ ഒരു തെറ്റായ ആശയത്തിന്റെ പുറത്ത് കെട്ടിപ്പൊക്കിക്കൊണ്ടു വന്നതായിരുന്നു നമ്മുടെ ആരോഗ്യസുരക്ഷ എന്ന ആശയം. നിറയെ പണം ഉള്ളവർ വലിയ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളിൽ നിത്യസന്ദർശനം നടത്തി ശരീരത്തിന്റെ ചലനങ്ങളും അളവുകളും തൂക്കങ്ങളും ശരിയാണെന്ന് ഉറപ്പു വരുത്തി, ഇനി അഥവാ വല്ല അസുഖങ്ങളും പിടി കൂടിയാൽ അതിന്റെ ചികിത്സാർത്ഥം വലിയ തുകയ്ക്ക് ഇൻഷുറൻസ് എടുത്ത് സമാധാനത്തോടെ ജീവിച്ചു വന്നവരുടെ മേൽ വീണ ഒരു ഇടിത്തീ കൂടിയാണ് ഈ മഹാമാരി. സ്വകാര്യ ആരോഗ്യം എന്ന ആശയത്തെ അത് റദ്ദ് ചെയ്ത കളഞ്ഞു. സമൂഹിക ആരോഗ്യമാണ് പ്രധാനം എന്ന് തെളിഞ്ഞു. അത് എനിക്ക് മാത്രം കിട്ടേണ്ട ചികിത്സയും എനിക്ക് മാത്രം ലഭ്യമായ സുരക്ഷയും അല്ല. സമൂഹത്തിനു മൊത്തമായും ലഭിക്കേണ്ട ആരോഗ്യ സുരക്ഷയെ അത് ഓർമ്മിപ്പിക്കുന്നു. നാം പൂർണ്ണമായും ഒരു സാമൂഹിക ജീവി ആണെന്നും എന്റെ സുരക്ഷ ഉറപ്പാവുന്നത് എന്റെ സമൂഹത്തിന്റെ സുരക്ഷ ഉറപ്പാവുന്നതിലൂടെയാണ് എന്നും നാം തിരിച്ചറിയുന്നു. സമൂഹം എന്നത് എനിക്ക് ചുറ്റും ഉള്ളവർ മാത്രമല്ല, എന്റെ രാജ്യത്തുള്ള എല്ലാവരും ഈ ലോകത്തിലുള്ള സർവ്വ ജനങ്ങളും ആണ്. അവസാനത്തെ ആളിനും ചികിത്സയും വാക്സിനും ലഭ്യമാകുന്നതുവരെ ലോകത്തിന്റെ ഒരു കോണിലുള്ള ആളും സുരക്ഷിതരല്ല എന്ന് നാം ഓർക്കുമ്പോഴാണ് നമ്മുടെ ആരോഗ്യചിന്ത

എത്ര സ്വാർത്ഥത നിറഞ്ഞതും സാമൂഹിക വിരുദ്ധവും പ്രകൃതി വിരുദ്ധവും ആയിരുന്നു എന്ന് തിരിച്ചറിയുന്നത്. അത് നമ്മെ മത്സരാധിഷ്ഠിതജീവിതത്തിൽ നിന്നും സഹവർത്വത്തിലേക്ക് മാറ്റിക്കൊണ്ടു പോകും എന്നാണ് എന്റെ പ്രതീക്ഷ. അതിന്റെ ഒരു സൂചന അടുത്തിടെ ഞങ്ങൾ നേരിട്ട് അനുഭവിച്ചു. പതിനെട്ട് കോടി ഇന്ത്യൻ രൂപ വില വരുന്ന ഒരു ഇഞ്ചക്ഷൻ കൊടുത്താൽ ഒരു കുഞ്ഞിന്റെ ജീവൻ രക്ഷിക്കാനാവും എന്നൊരു വാർത്ത വന്നപ്പോൾ ഒരാഴ്ചകൊണ്ട് ആ തുക സമാഹരിച്ചു നൽകിയ ഒരു സമൂഹം സഹവർത്വത്തിൽ ഊന്നിയ 'responsible charity' യിലേക്ക് കടക്കുന്നു എന്നുവേണം കരുതാൻ.

കാലം കോവിഡിനു മുൻപും പിൻപും എന്ന രീതിയിലേക്ക് വിഭജിക്കപ്പെടും എന്ന കാര്യത്തിൽ സംശയമൊന്നുമില്ല. പഴയതൊക്കെ മടങ്ങി വന്നാലും ചിലതൊന്നും നമ്മ ഇനി വിട്ടു പോവില്ല. ഈ ചെറിയ കാലം കൊണ്ട് അത്രമേൽ നാം അതുമായി താദാത്മ്യം പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. ലോംഗ് കോവിഡ് ഉണ്ടായാലും ഇല്ലെങ്കിലും മാസം സാനിറ്റൈസറും സാമൂഹിക അകലവും കുറച്ചു വർഷങ്ങൾ കൂടിയെങ്കിലും നമ്മുടെ കൂടെയുണ്ടാവും. പൊതു സമ്മേളനങ്ങളും ഓഫീസ് മീറ്റിങ്ങുകളും സാഹിത്യ സംവാദങ്ങളും അനുസ്മരണ പ്രഭാഷണങ്ങളും ഓൺലൈനിൽ നിർവ്വഹിക്കുന്നതിന്റെ സുഖം നാം അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. അതിൽ നിന്ന് ഇനി പിന്നോട്ട് നടക്കുന്നത് എങ്ങനെ? യാത്രകൊണ്ട് നഷ്ടമായിരുന്ന എത്രയധികം സമയത്തെയാണ് അത് മടക്കിത്തരുന്നത്. താമസം, യാത്ര എന്നിവയ്ക്കായി വലിയ പണച്ചിലവുള്ള ഓഫീഷ്യൽ ട്രിപ്പുകൾ ഏതാണ്ട് പൂർണ്ണമായും തന്നെ കമ്പിനികൾ ഒഴിവാക്കാനാണ് സാധ്യത. ഡിജിറ്റൽ സാങ്കേതവിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യസം തിയറികൾ, സമവാക്യങ്ങൾ, ഡെഫനിഷൻസ്, ഡയഗ്രംസ് എന്നിവയുടെ പഠനംകൂടുതൽ എളുപ്പമുള്ളവ ആക്കിത്തീർക്കും. പ്രാഥമിക തലത്തിലുള്ള വിദ്യാഭ്യാസം സ്കൂളിൽ തന്നെ തുടരുമെങ്കിലും ഉന്നത വിദ്യാഭ്യാസരീതികളെങ്കിലും ഇനി മുതൽ സമൂലം മാറുകയും ഓൺലൈൻ വഴിയുള്ള വിദൂരവിദ്യാഭ്യാസത്തിനു കൂടുതൽ പ്രാമുഖ്യം ലഭിക്കുകയും ചെയ്യും. വീട്ടിലിരുന്ന് കുറഞ്ഞ ചിലവിൽ ഏത് വിദേശ യൂണിവേഴ്സിറ്റിയിലും പഠിക്കാം എന്ന

സൗകര്യമാവും അതിലൂടെ ഒട്ടനവധി വിദ്യാർത്ഥികൾക്ക് ലഭ്യമാകാൻ പോകുന്നത്.

തൊഴിൽ സംസ്കാരത്തിലാവും വിപ്ലവകരം എന്ന് പറയാവുന്ന മാറ്റം ഉണ്ടാവാൻ പോകുന്നത്. വീട് തന്നെ തൊഴിലിടങ്ങളാവുന്ന അവസ്ഥ ഇതിനോടം സംജാതമായിക്കഴിഞ്ഞു. സ്ഥാപനങ്ങൾക്കും ജീവനക്കാർക്കും ഒരേപോലെ ഗുണം ചെയ്യുന്നു എന്നതിനാൽ അത് കൂടുതൽ വ്യാപിക്കാനാണ് സാധ്യത. സ്റ്റാർട്ടപ്പുകൾ സ്വപ്നം കാണുന്ന ചെറുപ്പക്കാർ നേരിട്ടിരുന്ന വലിയ പ്രശ്നങ്ങളിൽ ഒന്ന് വ്യവസായി ഐടി പാർക്കുകളിൽ ഇത്തിരി സ്ഥലമെടുക്കുന്നതിന് വേണ്ടി വരുന്ന ഭീമമായ മുതൽ മുടക്കായിരുന്നു. വീടുകളിലേക്കുള്ള ഓഫീസ് മാറ്റം അവർക്ക് ഊർജ്ജം പകരുന്നതാവും. അതായത്, പത്തു വർഷങ്ങൾക്ക് ശേഷം സ്വഭാവികമായും സംഭവിക്കേണ്ടിയിരുന്ന ചിലതിനെ സമൂഹം പാകം ആകുന്നതിനു മുൻപ് തന്നെ സാമൂഹികക്രമം ആക്കി ഉറപ്പിച്ചു കളഞ്ഞു എന്നതാണ് ഈ കോവിഡ് കാലത്തിന്റെ ഏറ്റവും ഗുണപരമായ വശം എന്ന് പറയാം.

ഇക്കാലത്ത് സാഹിത്യവും കലകളും എന്തു ചെയ്യും എന്നൊരു ചോദ്യം സ്വഭാവികമായും ഉയർന്നു വരാൻ സാധ്യതയുണ്ട്. വീട്ടിലിരുപ്പ് എഴുതാൻ സഹായകകരമാകുമല്ലോ എന്ന് പലരും പറയാറുണ്ടെങ്കിലും ഈ മടുപ്പ് സർഗ്ഗചിന്തകളെ ഉണക്കി കളയുകയാണ് ചെയ്യുന്നത്. എങ്കിലും അതിനു ഒരിക്കൽ പൊട്ടിമുളയ്ക്കാതെ വയ്യ. അങ്ങനെയാണ് ഇന്നോളമുള്ള ചരിത്രം സൂചിപ്പിക്കുന്നത്. എല്ലാ ഇരുണ്ടകാലങ്ങളും മഹത്തായ സാഹിത്യത്തിനും കലയ്ക്കും കാരണമായിട്ടുണ്ട്. പ്ലേഗിനെക്കുറിച്ചും വസൂരിയെക്കുറിച്ചും കോളറയെക്കുറിച്ചും സ്പാനിഷ് പൂവിനെക്കുറിച്ചും പിൽക്കാലത്ത് മഹത്തായ സാഹിത്യ സൃഷ്ടികൾ ഉണ്ടായതു പോലെ തന്നെ ഈ കോവിഡ് കാലത്തെക്കുറിച്ചും രചനകൾ ഉണ്ടാവും എന്ന് തന്നെയാണ് എന്റെ വിചാരം. അത് പക്ഷേ ഈ കാലത്തിനെ പകർത്തി വയ്ക്കുന്നതിനു വേണ്ടി ആവില്ല. കാരണം ഇക്കാലത്ത് പല മീഡിയകളിലൂടെയും വുഹാൻ ഡയറി പോലെയുള്ള പുസ്തകങ്ങളിലൂടെയും അനവധിയായ ഡോക്യുമെന്ററികളിലൂടെയും സോഷ്യൽ മീഡിയ അനുഭവ വിവരണങ്ങളിലൂടെയും ഒക്കെ അത്തരത്തിലുള്ള ജീവിതാനുഭവങ്ങൾ,

ഭാവിക്കുവേണ്ടി ഏറെക്കുറെ വ്യക്തമായും ആധികാരികമായും പകർത്തി വച്ചിട്ടുണ്ട്. അതിനു ഇനിയും ഫിക്ഷന്റെ ആവശ്യമില്ല. എന്നാൽ ഫിക്ഷൻ നിർമ്മിക്കപ്പെടുന്നത് ഈ അനുഭവങ്ങളെ മനുഷ്യരാശി എങ്ങനെ ഉൾക്കൊണ്ടു, എങ്ങനെ ജീവിത പാഠമാക്കി എങ്ങനെ അത് അവന്റെ ജീവിതത്തെ മാറ്റിത്തീർത്തു. ഈ അനുഭവ ലോകത്തിലൂടെ കടന്നു പോയ ഈ തലമുറ എങ്ങനെ ഭാവിയ്ക്ക് ഒരു മാതൃകയും പാഠപുസ്തകവും ആവുന്നു എന്നൊക്കെ നിരീക്ഷിക്കുന്നതിനു വേണ്ടി ആവും എന്നുറപ്പ്. അസാധാരണമായ ജീവിത വീക്ഷണവും സാമൂഹിക ബോധവും ചരിത്രബോധവും ഉള്ള എഴുത്തുകാർ ആവും അവ ഭാവിക്ക് പറഞ്ഞു കൊടുക്കുക. കാരണം നമ്മുടെ ഈ കാലത്തു നിന്നും ഈ തലമുറയിൽ നിന്നും മാത്രം സംഭവങ്ങളെ കാണുമ്പോൾ അതി ഭീകരമായ ഒരു അവസ്ഥയിലൂടെ നാം കടന്നു പോകുന്നതായ ഒരു ഭീതിയും നിരാശയും നമ്മ വന്നു പൊതിയുന്നുണ്ടാവും. എന്നാൽ മനുഷ്യരാശിയുടെ ചരിത്രം ഒന്നാകെ പരിശോധിച്ചാൽ ഇതിനേക്കാൾ എത്രയോ അധികം വലിയ മഹാമാരികളെയും പ്രതിസന്ധികളേയും യുദ്ധങ്ങളെയും പ്രകൃതി ദുരന്തങ്ങളെയും പിന്നിട്ടാണ് നമ്മൾ ഇവിടെ വരെ എത്തിച്ചേർന്നത് എന്ന് മനസിലാവും. അതും ശാസ്ത്രം ഇത്രയൊന്നും പുരോഗമിക്കാത്ത പ്രകൃതിയുടെ അനന്ത നിഗൂഡതകൾ ഇത്രയൊന്നും വെളിപ്പെടാത്ത ഒരു കാലത്തും മനുഷ്യൻ അവന്റെ ധീരതകൊണ്ടും സാമൂഹിക ബോധത്തോടെ പരസ്പരം ചേർത്തു പിടിച്ചുമാണ് അതിനെയെല്ലാം അതിജീവിച്ചു വന്നത്. ഇക്കാലത്തിനും അങ്ങനെ ചേർന്നു നില്പിന്റെയും ചേർത്തു പിടിക്കലിന്റെയും അനേകം പ്രകാശമാനമായ കഥകൾ പങ്കുവയ്ക്കാനുണ്ടാവും. അങ്ങനെയാണ് നമ്മളും ഈ മഹാമാരിയുടെ കാലത്തെ അതിജീവിച്ചത് എന്ന് ആ കഥകൾ ഭാവി തലമുറയ്ക്ക് പറഞ്ഞു കൊടുക്കും. അത് അവരുടെ കാലത്തിനെയും അവർ നേരിടാൻ ഇടയുള്ള ദുരന്തങ്ങളെയും അതിജീവിക്കാൻ പ്രാപ്തി നൽകും. ഭൂതകാലം നമുക്ക് പകർന്നു തന്നെ അത്തരം നല്ല കഥകൾ വായിച്ച് നമ്മൾ ഈ കാലത്തിനെ മറികടക്കുന്നതുപോലെ തന്നെ. അല്ലെങ്കിൽ തന്നെ മറ്റെന്താണ് കഥകളുടെയും കലകളുടെയും ദൗത്യം?!

Asian Literature Project "YOMU"　©Japan Foundation